# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മാർച്ച് 18

# വാർത്താക്കുറിപ്പ്

---

### പരീക്ഷ തീയതി

മൂന്നാം സെമസ്റ്റർ എം.എസ്‌സി. മെഡിക്കൽ ബയോകെമിസ്ട്രി (2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ സപ്ലിമെന്ററി, പഴയ സ്‌കീം - 2009-2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ 26 മുതൽ ആരംഭിക്കും. പിഴയില്ലാതെ മാർച്ച് 21 വരെയും 500 രൂപ പിഴയോടെ 22 വരെയും 1000 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/525/2019)

അഫിലിയേറ്റഡ് കോളേജുകളിലെയും സീപാസിലെയും നാലാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2017 അഡ്മിഷൻ റഗുലർ/2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷകൾ ഏപ്രിൽ ഒൻപതിന് ആരംഭിക്കും. പിഴയില്ലാതെ മാർച്ച് 20 വരെയും 500 രൂപ പിഴയോടെ 21 വരെയും 1000 രൂപ സൂപ്പർഫൈനോടെ 22 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ പേപ്പറൊന്നിന് 50 രൂപ വീതവും (പരമാവധി 200 രൂപ) വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 50 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായും 125 രൂപ പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായും പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/526/2019)

### പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ എം.എ. സിനിമ ആന്റ് ടെലിവിഷൻ, മൾട്ടിമീഡിയ, ആനിമേഷൻ, ഗ്രാഫിക് (സി.എസ്.എസ്. 2018 അഡ്മിഷൻ റഗുലർ/2014, 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്‌സി ചാൻസ്) ഡിസംബർ 2018 പരീക്ഷകളുടെ പ്രാക്ടിക്കൽ മാർച്ച് 25ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/527/2019)

2019 മാർച്ചിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ. മ്യൂസിക് മൃദംഗം (സി.ബി.സി.എസ്.എസ്. - 2016 അഡ്മിഷൻ റഗുലർ/2013-2015 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 25, 26 തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും.

(പി.ആർ.ഒ./39/528/2019)

### പരീക്ഷ ഫലം

2018 ഏപ്രിലിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഏപ്രിൽ ഒന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/529/2019)

## മുട്ടത്ത് എം.ജി. സർവകലാശാലയുടെ ടൂറിസംസ്റ്റഡീസിന് 10 കോടി രൂപ ചെലവിൽ കെട്ടിടം നിർമിക്കും

### – ചോദ്യക്കടലാസ് കെട്ട് മാറിപൊട്ടിച്ച് ക്രമവിരുദ്ധമായി പരീക്ഷനടത്തൽ: എടത്വാ കോളജ് പ്രിൻസിപ്പലിനെതിരേ നടപടി

– എൻ.എസ്.എസ്. പ്രവർത്തനഫണ്ട് 75 ശതമാനം മാർച്ച് 31നകം കോളജുകൾക്ക് ലഭിക്കും

മഹാത്മാഗാന്ധി സർവകലാശാലയുടെ മുട്ടം കാമ്പസിൽ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിന് കെട്ടിടം നിർമിക്കാൻ സർവകലാശാല സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. 10 കോടി രൂപ ഇതിനായി ബജറ്റിൽ നീക്കിവച്ചിരുന്നു. ടൂറിസം, ഹോസ്പിറ്റാലിറ്റി, ലോജിസ്റ്റിക്സ് കോഴ്സുകൾ ബിരുദാനന്തരബിരുദ കോഴ്സുകളാണ് സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് നടത്തുന്നത്.

എടത്വാ സെന്റ് അലോഷ്യസ് കോളജിൽ കഴിഞ്ഞ ജൂലൈയിൽ നടന്ന പരീക്ഷയിൽ ചോദ്യക്കടലാസ് കെട്ട് മാറിപ്പൊട്ടിക്കുകയും സർവകലാശാല നിശ്ചയിച്ച സമയത്തല്ലാതെ പരീക്ഷ നടത്തുകയും ചെയ്ത സംഭവത്തിൽ പ്രിൻസിപ്പലിനെതിരേ നടപടിയെടുക്കാൻ യോഗം തീരുമാനിച്ചു. പ്രിൻസിപ്പലിനെ ചീഫ് സൂപ്രണ്ട് സ്ഥാനത്തുനിന്ന് സസ്പെൻഡ് ചെയ്തു. ചോദ്യപേപ്പർ മാറിപ്പൊട്ടിക്കുകയും നിശ്ചിതസമയത്തല്ലാതെ വിദ്യാർഥികളെ വീണ്ടുംവിളിച്ച് പരീക്ഷ നടത്തുകയും ചെയ്ത സംഭവം ഒരു മാസത്തിനുശേഷമാണ് പ്രിൻസിപ്പൽ സർവകലാശാലയെ അറിയിച്ചത്. ഇത് ഗുരുതരമായ ക്രമക്കേടും വീഴ്ചയുമായി യോഗം വിലയിരുത്തി. സംഭവത്തെക്കുറിച്ച് അന്വേഷിച്ച് 30 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ ഏകാംഗസമിതിയെ നിയോഗിച്ചു. സിൻഡിക്കേറ്റംഗം ഡോ. അജി സി. പണിക്കരാണ് അന്വേഷണം നടത്തുക.

അടിമാലി കർമലഗിരി കോളജിൽ മൂല്യനിർണയ ക്യാമ്പ് നടത്താൻ തീരുമാനിച്ചു. മൂന്നാർ, അടിമാലി ഭാഗങ്ങളിലെ അധ്യാപകർക്ക് ഇത് സൗകര്യമാകും. സി.എം.എസ്. കോളജിൽനിന്ന് പുറത്താക്കിയ വിദ്യാർഥികൾക്ക് എഴുതാൻ കഴിയാത്ത പരീക്ഷകൾക്ക് പ്രത്യേക ചാൻസ് നൽകാനും തുടർ പരീക്ഷകൾ എഴുതാനുള്ള അവസരം നൽകാനും തീരുമാനിച്ചു. എൻ.എസ്.എസ്. പ്രവർത്തന ഫണ്ടിന്റെ 75 ശതമാനം മാർച്ച് 31നകം അർഹരായ അഫിലിയേറ്റഡ് കോളജ് യൂണിറ്റുകൾക്ക് വിതരണം ചെയ്യും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

(പി.ആർ.ഒ./39/530/2019)

**അനുശോചിച്ചു**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ക്ലറിക്കൽ അസിസ്റ്റന്റ് സി.ടി. സന്തോഷ് കുമാറിന്റെ നിര്യാണത്തിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ചത്വരത്തിൽ നടന്ന യോഗം അനുശോചിച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ അനുശോചന പ്രമേയം അവതരിപ്പിച്ചു. സെനറ്റംഗം പി. പത്മകുമാർ, ഫിനാൻസ് ഓഫീസർ വത്സമ്മ കരുണാകരൻ, സർവീസ് സംഘടനാ പ്രതിനിധികളായ ജെ. ലേഖ, ജോസ് മാത്യു, പി.കെ രമേശ് കുമാർ, കെ.ജി. ഷാജി, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ./39/531/2019)

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിന്റെ സ്ഥാപക ഡയറക്ടറും മുൻ സിൻഡിക്കേറ്റ് മെമ്പറും എസ്.ഇ.ഇ.ആർ.ടി. ഡയറക്ടറുമായിരുന്ന ഡോ. പി.എം. ജലീലിന്റെ നിര്യാണത്തിൽ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടന്ന യോഗം അനുശോചിച്ചു. പ്രൊഫ. ജയ ജയ്സ് അധ്യക്ഷത വഹിച്ചു.

(പി.ആർ.ഒ./39/532/2019)

**എം.ഫിൽ ക്ലാസുകൾ നാളെ മുതൽ (മാർച്ച് 20)**

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ 2018-19 ബാച്ച് എം.ഫിൽ കോഴ്സ് ക്ലാസുകൾ നാളെ (മാർച്ച് 20) ആരംഭിക്കും.

(പി.ആർ.ഒ./39/533/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ